LIBRARY ARCHIVES Kerala Legislative Assembly

പെരിങ്ങൽക്കുത്ത്, ഷോളയാർ ഹൈഡൽ ടൂറിസം

54 (400) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്ത്, ഷോളയാർ എന്നീ ഡാമുകളോട് ചേർന്ന് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ബോട്ടിംഗ് ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പെരിങ്ങൽക്കുത്തിലെ കെ.എസ്.ഇ.ബി. വക ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ, ടൂറിസ്റ്റുകൾക്ക് താമസ സൗകര്യമേർപ്പെടുത്തുന്നതിനും, ഹൈഡൽ ടൂറിസത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ, ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെരിങ്ങൽക്കുത്ത് ഡാമിനോട് ചേർന്ന് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ബോട്ടിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി&സി) ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ ഏറ്റെടുത്ത് അറ്റകുറ്റപ്പണികൾ നടത്തി അവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം

55 (401) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം പരിഹരിക്കാൻ ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം നിറവേറ്റുന്നത് ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഇപ്രകാരം നിർമ്മാണം നടന്നുവരുന്ന 13 ജലവൈദ്യുത പദ്ധതികളിൽ നിന്നായി 195 MW വൈദ്യുതി ലഭ്യമാവുന്നതാണ്. കൂടാതെ 391 MW ശേഷിയുള്ള മറ്റ് ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ബ്രഹ്മപുരത്തെ കേടായ 2 ഡീസൽ

യൂണിറ്റുകൾ മാറ്റി ഉദ്ദേശം 40MW ശേഷിയുള്ള വാതകാധിഷ്ഠിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. പാരമ്പര്യേതര സ്രോതസ്സായ കാറ്റ്, സൗരോർജ്ജം എന്നിവ ഉപയോഗപ്പെടുത്തി നിരവധി ഉല്പാദന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബ്രഹ്മപുരത്ത് ഉദ്ദേശം 400 MW ശേഷിയുള്ള വാതകാധിഷ്ഠിത പദ്ധതിയും എൻ.റ്റി.പി.സി. കായംകുളം, ബി.എസ്.ഇ.എസ്, കൊച്ചി എന്നീ നാഫ്ത പദ്ധതികൾ വാതകാധിഷ്ഠിത പദ്ധതികളാക്കി മാറ്റാനും ചീമേനിയിൽ ഒരു കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി വ്യാപാരികളുമായും ഉൽപ്പാദകരുമായും കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

അയൽക്കൂട്ടങ്ങൾ നടത്തുന്ന കുടിവെള്ള പദ്ധതിയുടെ വൈദ്യുതചാർജ്ജ്

56 (402) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽക്കൂട്ടങ്ങൾ നടത്തുന്ന കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് അടുത്തകാലത്ത് ഭീമമായി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല പദ്ധതികളും ബിൽ തുക അടക്കാതെ സ്തംഭനാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) കുടിവെള്ള പദ്ധതിക്കുള്ള വൈദ്യുതി ചാർജ്ജ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് ചാർജ്ജ് ചെയ്യുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. 14-8-2014-ലെ റെഗുലേറ്ററി കമ്മീഷനിലെ താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഗുണഭോക്തൃ സമിതികളും ജലധാരാ, ജലനിധി, സ്വജലധാര കുടിവെള്ള പദ്ധതികൾക്ക് കീഴിലുള്ള ജലവിതരണ സൊസൈറ്റികളും ഏറ്റെടുത്തു നടത്തുന്ന ഗാർഹിക കുടിവെള്ള പദ്ധതികളുടെ താരിഫ് LT-I-ൽനിന്ന് LT VI(E)-യിലേക്ക് മാറ്റിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly